# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1284      03.10.2016 ലെ മറുപടിയ്ക്ക്

**കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ചികിത്സാ ധനസഹായ അപേക്ഷകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കടുത്തുരുത്തി എം.എൽ.എ യുടെ ശിപാർശ പ്രകാരം എത്ര അപേക്ഷകൾ ചികിത്സാ ധനസഹായത്തിനായി ലഭിച്ചിട്ടുണ്ട് ; അവരുടെ പേരു വിവരം വ്യക്തമാക്കാമോ ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ എന്താണെന്ന് അറിയിക്കാമോ ; | (എ) മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല |
| (ബി) എം.എൽ.എ മാർ എം.പി മാർ തുടങ്ങിയ ജനപ്രതിനിധികളെ ഒഴിവാക്കി ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇതിന് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (ബി) പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| (സി) ദുരിതാശ്വാസനിധിയുടെ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിന് പുതിയ സോഫ്റ്റ് വെയർ ഡെവലപ് ചെയ്തിട്ടുണ്ടോ ; ഏത് ഏജൻസിയ്ക്കാണ് ഇതിന്റെ ചുമതല ; ഇതിന് എത്ര രൂപ ചെലവായി എന്നറിയിക്കാമോ ; ഈ ഏജൻസി നൽകിയിരിക്കുന്ന സോഫ്റ്റ് വെയർ മുഖേന വിവരങ്ങൾ നൽകുന്നതിനായി എം.എൽ.എ മാർക്ക് ഐഡിയും പാസ്സ് വേഡും നൽകുന്ന കാര്യം പരിഗണിക്കുമോ ; | (സി) ദുരിതാശ്വാസനിധിയുടെ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിന് C-Dit ന്റെ സഹായത്തോടെ പുതിയ സോഫ്റ്റ് വെയർ ഡെവലപ് ചെയ്തിട്ടുണ്ട്. മറ്റ് വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) ജില്ലാ കളക്ടറുടെ റിപ്പോർട്ടോടു കൂടി സമർപ്പിക്കുന്ന അപേക്ഷ വീണ്ടും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന് അയയ്ക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; കടുത്തുരുത്തി മണ്ഡലത്തിൽ നിന്നും വന്ന എത്ര അപേക്ഷകൾ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന് അയച്ചു ; അവ ഏതെല്ലാം ; ഏതെല്ലാം വില്ലേജ് ഓഫീസർമാർ | (ഡി) വിവരം ശേഖരിച്ച് വരുന്നു. |

റിപ്പോർട്ട് നൽകി ; ഇനി റിപ്പോർട്ട് കിട്ടാനുള്ള അപേക്ഷകൾ ഏതെല്ലാം ; ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് റിപ്പോർട്ട് നൽകാൻ വൈകുന്നത് എന്നു കൂടി അറിയിക്കാമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ എത്ര പേർക്ക് ചികിത്സാധനസഹായം അനുവദിച്ചു; ആർക്കൊക്കെ എത്ര തുക വീതം അനുവദിച്ചു എന്ന് അറിയിക്കാമോ ?

(ഇ) മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല

സെക്ഷൻ ഓഫീസർ